പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 288 04.06.2018-ൽ മറുപടിക്ക്

## റോഡപകടങ്ങളിൽപെട്ടവർക്ക് ചികിൽസയ്ക്കുള്ള ട്രോമാ കെയർ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
| എ) | റോഡപകടങ്ങൾ ഉണ്ടായാൽ അടിയന്തര ചികിത്സ ലഭിക്കുന്നതിനുള്ള ആധുനിക ട്രോമാ കെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ ; | എ)) | കേരളത്തിൽ കഴിഞ്ഞ കുറേ കാലങ്ങളായി കൂടുതലാളുകൾ മരണത്തിനും ഗുരുതര ശാരീരിക വൈകല്യത്തിനും ഇടവരുന്ന റോഡപകടങ്ങൾ വർദ്ധിച്ചു വരികയായിരുന്നു. എന്നാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മുൻ വർഷങ്ങളിലേതിനേക്കാൾ അപകടമരണ നിരക്ക് കുറച്ചു കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കണ്ടുകൊണ്ട് ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.11.2017-ൽ ചേർന്ന യോഗത്തിൽ, റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിൽസ ഉറപ്പാക്കുന്നതിനായി നടപടി എടുക്കുമെന്ന തീരുമാനം എടുത്തിരുന്നു. മേൽ പദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിന് സമഗ്ര ആക്സിഡന്റ് ഇൻഷുറൻസ് പ്രോഗ്രാം എന്ന രീതിയിൽ നൂതനമായ ഒരു പ്രോജക്റ്റ് വിഭാവനം ചെയ്യുകയും ആയതിന്റെ നടത്തിപ്പ് സർക്കാർ-സ്വകാര്യ ആശുപത്രികളും ഇൻഷുറൻസ് കമ്പനികളും റോഡ് സുരക്ഷാ വിഭാഗവും കോർത്തിണക്കി ഫലവത്തായി നടപ്പിൽ വരുത്തുന്നതിന് താൽപ്പര്യമുള്ള ഇൻഷുറൻസ് കമ്പനിയോ, കമ്പനികളുടെ കൂട്ടായ്മയോ കണ്ടെത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>റോഡപകടങ്ങളിൽപ്പെടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്കേൽക്കുന്ന ക്ഷതം മൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യ മണിക്കൂർ (Golden Hour) നിർണ്ണായകമായതിനാൽ സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിൽസാ ചെലവുകൾ ഇൻഷുറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് |

| | | | |
|---|---|---|---|
| | | | ആശുപത്രികൾക്ക് നൽകി കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യ പടി എന്ന നിലയിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി ആരുടെയൊക്കെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത് ; | ബി) | പ്രസ്തുത പദ്ധതിയിലെ ആംബുലൻസുകളും അവയുടെ പ്രവർത്തനവും സ്വകാര്യ പങ്കാളിത്തത്തോടു കൂടി നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിനായി 27.03.2018 ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഒരു ടെൻഡർ വിളിക്കുകയും അതിന്റെ ഫലമായി രണ്ട് കമ്പനികൾ അതിൽ ടെൻഡർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ടെൻഡറിന്റെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് ഒട്ടാകെ ആംബുലൻസുകളുടെ സേവനം ലഭ്യമാകുന്ന തരത്തിൽ സംവിധാനം നിലവിൽ വരുന്നതാണ്. |
| സി) | പ്രസ്തുത പദ്ധതിക്കായി എല്ലാ ആശുപത്രികളിലും നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടോ ; | സി) | ഇല്ല. |
| ഡി) | റോഡപകടങ്ങളിൽ പരിക്ക് പറ്റുന്നവർക്ക് സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ 48 മണിക്കൂർ സൗജന്യ ചികിത്സ നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | ഡി) | സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിൽസാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകി കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യ പടി എന്ന നിലയിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.<br><br>തിരഞ്ഞെടുക്കപ്പെടുന്ന പ്രസ്തുത കമ്പനികൾ സ്വകാര്യ ആശുപത്രികളുമായി റോഡപകടങ്ങളിൽ പെടുന്നവരെ ചികിൽസിക്കുവാനായി ഒരു കരാറിൽ ഏർപ്പെടേണ്ടതായുണ്ട്. രേഖകൾ പരിശോധിച്ച് നടപടിക്രമങ്ങൾക്ക ശേഷം ചികിൽസാ ചെലവ് 21 ദിവസത്തിനകം ആശുപത്രിയ്ക്ക് മടക്കി നൽകേണ്ടതാണ്. ഇതിനായി അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ ഇൻഷ്വർ ചെയ്ത് കമ്പനികളിൽ നിന്നും തുക ഈടാക്കി അപകടത്തിൽപ്പെട്ട വ്യക്തിയുടെ ആശുപത്രി |

| | | | |
|---|---|---|---|
| | | | ചെലവുകൾ തീർക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന വാഹനത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ സാധിക്കാതെ വന്നാൽ സർക്കാർ ഫണ്ടിൽ നിന്നോ റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്നോ നഷ്ടപരിഹാര തുക ഈടാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതും ആണ്. ഇതിന്റെ ഭാഗമായി 24.04.2018 ന് രാജ്യത്തെ സ്വകാര്യ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനി പ്രതിനിധികളെ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത ചർച്ചയിൽ പൊതു/സ്വകാര്യ മേഖലകളിലെ 11 കമ്പനികളുടെ പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത യോഗങ്ങളുടേയും ചർച്ചകളുടേയും തുടർ നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഏകോപിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ